# സാഹിത്യ ചരിത്ര വിജ്ഞാനീയം

## സങ്കൽപ്പം • സമീപനം • സമകാലികത

സമ്പാദനം, പഠനം
പി.എസ്. രാധാകൃഷ്ണൻ



# ഉള്ളടക്കം

ആമുഖം ........................................................................ v

## I
## സാഹിത്യചരിത്രവിജ്ഞാനീയം: പാഠവും പഠനവും

1. **സ്കറിയാ സക്കറിയ**
സാഹിത്യചരിത്രവിജ്ഞാനീയം ........................................ 01

2. **ഇ.വി. രാമകൃഷ്ണൻ**
സാഹിത്യചരിത്രവിജ്ഞാനീയം:
വീണ്ടെടുപ്പുകളും വിചാരണകളും ........................................ 15

3. **സുനിൽ പി. ഇളയിടം**
അതിരുകളും ആത്മസാധൂകരണവും........................................ 24

4. **പി.എസ്. രാധാകൃഷ്ണൻ**
സാഹിത്യചരിത്രവിജ്ഞാനീയം:
അഭിരുചി ആഖ്യാനം ദേശീയത ........................................ 31

5. **തോമസ് സ്കറിയ**
സാഹിത്യചരിത്രം സങ്കൽപ്പം, സമീപനം, ചരിത്രം ....................52

6. **രഞ്ജിനി എ.എം.**
ദേശീയതയും സാഹിത്യചരിത്രങ്ങളും ....................................68

7. **മേരി റിമ**
സ്ത്രീചരിത്രനിർമിതി:ലിംഗപദവിയും സമീപനങ്ങളും ...................85

8. **ഹരികുമാർ എസ്.**
സാഹിത്യചരിത്രങ്ങളിലെ പ്രമാണവൽക്കരണം........................106

9. **ഹരീഷ്കുമാർ പി.**
ഘട്ടവിഭജനത്തിന്റെ സംസ്കാരികരാഷ്ട്രീയം:
മലയാളസാഹിത്യചരിത്രാഖ്യാനങ്ങളിൽ....................................113

10. **കെ.കെ ശിവദാസ്**
ഒഴിവാക്കലിന്റെ രാഷ്ട്രീയം സാഹിത്യചരിത്രത്തിൽ..................148

II

## സാഹിത്യചരിത്രവിജ്ഞാനീയം: പ്രയോഗസാധ്യതകൾ

11. **പി.പി. രവീന്ദ്രൻ**
സാഹിത്യചരിത്രരചന: എം. ലീലാവതിയുടെ ഇടപെടലുകൾ.... 158

12. **എൻ. അജയകുമാർ**
മലയാളത്തിലെ നളചരിതങ്ങൾ.......................................... 174

13. **ശ്രീകുമാർ എ.ജി.**
ദേശീയതാവ്യവഹാരങ്ങൾ മലയാളഭാഷാചരിത്രത്തിൽ............ 213

14. **ശ്യാംരാജ് ആർ.**
പിതാവും പോരാളിയും: സാഹിത്യചരിത്രങ്ങളുടെ
എഴുത്തച്ഛൻ ആഖ്യാനങ്ങൾ................................................ 228

15. **ഗീതു എസ്.എസ്.**
നാടൻപാട്ടുകളുടെ സാഹിത്യചരിത്രജീവിതം.......................... 244

16. **രാജേഷ് എം.ആർ.**
മലയാള നാടകസാഹിത്യചരിത്രത്തിലെ
ഘട്ടവിഭജനത്തിന്റെ യുക്തികൾ.......................................... 264

17. **രാധാകൃഷ്ണൻ ഇളയിടത്ത്**
മലയാളകവിതാസാഹിത്യചരിത്രവും
രീതിശാസ്ത്രപരിഗണനകളും.............................................. 272

18. **അർച്ചന എ.കെ.**
ശാസ്ത്രസാഹിത്യചരിത്രവും
മലയാള ശാസ്ത്രനോവലുകളും.......................................... 286

19. **അഞ്ജുമോൾ ബാബു**
ജനപ്രിയനോവലുകൾ തമസ്കരിക്കപ്പെട്ടപ്പോൾ
സാഹിത്യചരിത്രങ്ങളെ മുൻനിർത്തിയുള്ള പഠനം..................... 298

20. **പി.എസ്. രാധാകൃഷ്ണൻ**
ജനപ്രിയസാഹിത്യം മലയാളത്തിൽ
കാൽപ്പനികം അപസർപ്പകം മാന്ത്രികം............................... 314

I

# സാഹിത്യചരിത്രവിജ്ഞാനീയം: പാഠവും പഠനവും

# മലയാളകവിതാസാഹിത്യചരിത്രവും രീതിശാസ്ത്രപരിഗണനകളും

**രാധാകൃഷ്ണൻ ഇളയിടത്ത്**

**എം.** ലീലാവതിയുടെ 'മലയാളകവിതാസാഹിത്യചരിത്ര'ത്തിന്റെ (1980) വിമർശനാത്മക വായനയാണ് ഈ പ്രബന്ധം. മലയാളകാവ്യശാഖയെ വിശേഷം വിലയിരുത്തിയ സാഹിത്യചരിത്രങ്ങളിൽ രണ്ടാമത്തേതും ഒടുവിലത്തേതുമാണ് മലയാളകവിതാസാഹിത്യ ചരിത്രം. ടി.എം. ചുമ്മാറിന്റെ 'പദ്യസാഹിത്യചരിത്രമാണ്' (1936) ഒന്നാമത്തേത്. പദ്യസാഹിത്യചരിത്രത്തെ അപേക്ഷിച്ച് കൂടുതൽ അംഗീകരിക്കപ്പെട്ട കൃതിയാണ് 'മലയാളകവിതാസാഹിത്യചരിത്രം'. സാമാന്യ ബോധത്തിലും അക്കാദമിക്ക് ചർച്ചകളിലും സർവകലാശാലപാഠ്യപദ്ധതികളിലും മലയാളകവിതാസാഹിത്യചരിത്രത്തിന്റെ ഇടം വലുതാണ്. കൃതിയിൽ പ്രാചീന-മധ്യകാല മലയാളകവിതയുടെ ചരിത്രം വിശകലനം ചെയ്യുന്ന ആദ്യ പതിനൊന്ന് അധ്യയങ്ങളുടെ രീതിശാസ്ത്രമാണ് ഇവിടെ അപഗ്രഥത്തിന് സ്വീകരിക്കുന്നത്.

സാഹിത്യചരിത്രപഠനത്തിനുള്ള വിമർശനപദ്ധതികളിൽ ശ്രദ്ധേയമാണ് സാഹിത്യചരിത്രവിജ്ഞാനീയം. നിലനിൽക്കുന്ന സാഹിത്യചരിത്രങ്ങളെ സൂക്ഷ്മതയിൽ മനസ്സിലാക്കാനും പ്രശ്നവൽക്കരിക്കാനും കെൽപ്പുള്ള ആശയപദ്ധതിയാണിത്. സാഹിത്യചരിത്ര വിജ്ഞാനീയത്തിന്റെ സൈദ്ധാന്തിക ബലവും രീതിശാസ്ത്രവും ലേഖനം ഉപയോഗപ്പെടുത്തുന്നു. സാഹിത്യ ചരിത്രവിജ്ഞാനീയം അവലംബമാക്കി 'മലയാളകവിതാസാഹിത്യ ചരിത്ര'ത്തിന്റെ രീതിശാസ്ത്രത്തെ വിമർശനാത്മകമായി വിലയിരുത്താൻ ലേഖനം പരിശ്രമിക്കുന്നു. മൂന്ന് ഭാഗങ്ങളായാണ് ലേഖനം വികസിക്കുന്നത്. പൊതുപശ്ചാത്തലവും പ്രസക്തിയും ഒന്നാം ഭാഗത്തിൽ വിശദീകരിക്കുന്നു. വിഷയങ്ങളുടെ പ്രതിനിധാനത്തിൽ 'മലയാളകവിതാസാഹിത്യചരിത്രം' പുലർത്തിപ്പോന്ന രീതിശാസ്ത്രപര മായ സവിശേഷതക



ളാണ് രണ്ടാം ഭാഗം ചർച്ചചെയ്യുന്നത്. കൃതിയുടെ രീതിശാസ്ത്രം സ്ഥാപനവൽക്കരിക്കപ്പെടുന്നതിന്റെ സവിശേഷതകൾ മൂന്നാം ഭാഗം ചർച്ചചെയ്യുന്നു.

## ഒന്ന്: പശ്ചാത്തലവും പ്രസക്തിയും

### ചരിത്രം, ചരിത്രവിജ്ഞാനീയം

ചരിത്രത്തെയും ചരിത്രവിജ്ഞാനത്തെയും ചരിത്രവിജ്ഞാനത്തിന്റെ ഉൾക്കാഴ്ചകൾ ഉപയോഗപ്പെടുത്തുന്ന സാഹിത്യചരിത്ര വിജ്ഞാനത്തെയും സംബന്ധിച്ച അടിസ്ഥാന വസ്തുതകൾ സാമാന്യ മായി പരിശോധിക്കപ്പെടേണ്ടതുണ്ട്. ചരിത്രം ഒരു ആധുനിക വിജ്ഞാന പദ്ധതിയാണ്. മറ്റേത് വിജ്ഞാനപദ്ധതിയെയും പോലെ പ്രാചീന- മധ്യകാലങ്ങളിൽ അടിസ്ഥാനങ്ങൾ ഉണ്ടെങ്കിലും ആധുനികതയോടെ യാണ് ചരിത്രത്തിന് വ്യക്തമായ ഉള്ളടക്കവും രൂപവും കൈവരുന്നത്. വസ്തുവിവരങ്ങളിൽ അധിഷ്ഠിതമായിരുന്നു ആധുനികതയുടെ ചരിത്രസങ്കൽപ്പം. മൗലികത, സമഗ്രത, വസ്തുനിഷ്ഠത തുടങ്ങിയവ ആധുനികചരിത്രത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങളായിരുന്നു. സമൂഹം അനുക്രമം വികസിച്ചുകൊണ്ടിരിക്കുന്നു എന്നും ഭൂതകാലത്തേക്കാൾ ഗുണകരമാണ് വർത്തമാനകാലമെന്നും ഉള്ള കാഴ്ചപ്പാടുകൾ ആധുനിക ചരിത്രത്തിന്റെ അടിസ്ഥാന ധാരണകൾ ആണ്. സമൂഹത്തിന്റെ രേഖീയപുരോഗതിയുടെ കഥയാണ് ആധുനികചരിത്രം അനാവരണം ചെയ്യാൻ ശ്രമിച്ചത്. ഇതിനായി ഓരോ ഘടകത്തിനും അർഥം നൽകിക്കൊണ്ടുള്ള ക്രമീകരണം ചരിത്രത്തിൽ നടക്കുന്നു. ഭൂതകാലത്തെ അറിവും അവബോധവും ആക്കിമാറ്റേണ്ടതിന്റെ അനിവാര്യത ക്രമീകരണങ്ങൾക്ക് സാധുത നൽകുന്നു. നിരീക്ഷണം, വർഗീകരണം, ഊഹങ്ങളുടെ ക്രമപ്പെടുത്തൽ, ഊഹങ്ങളുടെ വിശകലനം, നിർമിതിയും വ്യാഖ്യാനവും എന്നിവ ആധുനികചരിത്ര രചനയുടെ അടിസ്ഥാനങ്ങൾ ആയിരുന്നു.

ചരിത്രത്തെ സംബന്ധിച്ച സൂക്ഷ്മധാരണകളാണ് ചരിത്രവിജ്ഞാനീയത്തെ സാധ്യമാക്കുന്നത്. ചരിത്രവിജ്ഞാനീയം നിലനിൽക്കുന്ന ചരിത്രത്തെ പ്രശ്നവൽക്കരിക്കുന്നു. നിർദോഷമായ സാഹചര്യത്തിൽ നടക്കുന്ന ഒന്നല്ല ചരിത്രരചന. രാഷ്ട്രം, ദേശം, വംശം, ജാതി, വർഗം, ലിംഗം എന്നിങ്ങനെ നിരവധി ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുകയും വിശാലമായ സാമൂഹിക പ്രകരണത്തിൽ നിർവഹിക്കപ്പെടുകയും ചെയ്യുന്ന നിർമിതിയാണത്. ചരിത്രരചനയുടെ ഒരോ അംശങ്ങളിലും ചരിത്രകാരന്റെ/കാരിയുടെ പ്രത്യയശാസ്ത്ര താൽപ്പര്യങ്ങൾ കലരുന്നുണ്ട്. പ്രത്യയശാസ്ത്രം കലരുന്ന ചരിത്രരചന വസ്തുതയുടെ പ്രകാശനമല്ല, പ്രതിനിധാനമാണ് നടത്തുന്നത്. ചരിത്രകൃതികൾ വസ്തുതകളെ എങ്ങനെ പ്രതിനിധാനം ചെയ്യുന്നുവെന്ന് ചരിത്രവിജ്ഞാനീയം പരിശോധിക്കുന്നു. പ്രതിനിധാനത്തെ

സൂക്ഷ്മമായി അപഗ്രഥിക്കുക വഴി ചരിത്രകാരന്റെ/കാരിയുടെ കർതൃത്വമാണ് തെളിഞ്ഞുകിട്ടുന്നത്. വിശാലമായ സാമൂഹികപ്രകരണത്തിൽ രൂപീകൃതമാകുന്നതാണ് കർതൃത്വം. ചരിത്രകാരന്റെ/കാരിയുടെ കർതൃത്വം സംബന്ധിച്ച അന്വേഷണങ്ങൾക്കാണ് ഇന്ന് ഏറെ പ്രാധാന്യം ലഭിക്കുന്നത്.

ചരിത്രവിജ്ഞാനീയത്തിന്റെ ഉൾക്കാഴ്ചകൾ ആധുനിക ചരിത്രത്തിന്റെ സമഗ്രസ്വഭാവത്തെ സംശയിക്കുന്നുണ്ട്. ശരിയായ ജ്ഞാനം എന്നത് ഇന്ന് സംശയിക്കപ്പെടുന്നു. പ്രത്യയശാസ്ത്ര ഘടകങ്ങൾ കലരുന്ന പ്രതിനിധാനം എന്ന നിലയിൽ ചരിത്രത്തെ ആഖ്യാനമായി മാത്രമേ ഇന്ന് പരിഗണിക്കാനാവൂ. ആഖ്യാനം വിവിധ സാമൂഹ്യപ്രകരണങ്ങൾക്കകത്ത് വ്യത്യസ്ത അർത്ഥോൽപ്പാദനം സാധ്യമാക്കുന്ന പാഠം മാത്രമാണ്. ചരിത്രത്തിന്റെ പാഠപരത എന്ന കാഴ്ചപ്പാട് പ്രബലമാകുന്ന പരിസരം ആധുനികോത്തര സാമൂഹിക സന്ദർഭത്തിന്റേതുകൂടിയാണ്.

ആധുനിക ചരിത്രത്തിന്റെ ഇരുട്ടുകളിലും മൗനങ്ങളിലുമാണ് ആധുനികതയിൽ നിന്ന് മുന്നേറുന്ന ചരിത്രരചനയുടെ മുഖ്യശ്രദ്ധ. നിലനിൽക്കുന്ന ചരിത്രപദ്ധതികളിൽ നിന്ന് ഊർജം സ്വീകരിക്കുകയും അതോടൊപ്പം ഒഴിവിടങ്ങളെ ആവിഷ്കരിക്കുകയും ചെയ്യുന്ന ആധുനികോത്തര ചരിത്രം. ബൃഹദ്ചരിത്രം മാറ്റി അരികുകളുടെ/പ്രദേശങ്ങളുടെ ചരിത്രം ആധുനികോത്തര കാലത്തെ ചരിത്രകൃതികൾ ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. ആധുനികത ഇടം നൽകാതിരുന്ന ജനതകളെ ചരിത്രത്തിലേക്ക് ആനയിക്കുന്ന ജനാധിപത്യപ്രവർത്തനം കൂടിയാണിത്. തീർച്ചയായും വിവേചനങ്ങളില്ലാതെ സ്വീകരിക്കാവുന്ന സങ്കൽപ്പനങ്ങളുടെ ആകെത്തുകയല്ല ആധുനികോത്തര ചരിത്രരചനയുടേത്. ആധുനികോത്തരകാലത്ത് സൈദ്ധാന്തികവ്യായാമമായി ചുരുങ്ങുന്ന ചരിത്രരചനയുടെ ധാർമികതയും നിലപാടുകളും വലിയ അളവിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുമുണ്ട്. ചരിത്രം അടക്കമുള്ള വിജ്ഞാനങ്ങളിൽ ആധുനികോത്തരതയുടെ ഭാഗമായി വരുന്ന പ്രവണതകളും അവയുടെ രാഷ്ട്രീയവും പരിമിതികളും തിരിച്ചറിയപ്പെടേണ്ടതുതന്നെയാണ്.

## 1: 2 സാഹിത്യചരിത്രവിജ്ഞാനീയം

ചരിത്രവിജ്ഞാനീയം ചരിത്രത്തെ പ്രശ്നവൽക്കരിക്കുമ്പോൾ സാഹിത്യചരിത്രവിജ്ഞാനീയം സാഹിത്യചരിത്രത്തെ പ്രശ്നവൽക്കരിക്കുന്നു. സാഹിത്യചരിത്രത്തെ ആഖ്യാനമായി പരിഗണിച്ച് ആഖ്യാനത്തിൽ കലരുന്ന പ്രത്യയശാസ്ത്രഘടകങ്ങളെ സാഹിത്യചരിത്ര വിജ്ഞാനീയം വിശദീകരിക്കുന്നു. പ്രത്യയശാസ്ത്രത്തിന്റെ പ്രവർത്തനത്തിൽ ആഖ്യാനം പ്രതിനിധാനമാകുന്നതെങ്ങനെയെന്നും പ്രതിനിധാനം വ്യക്തമാക്കുന്ന സാഹിത്യചരിത്രകർതൃത്വം എന്തെന്നും വെളിപ്പെടുത്താൻ സാഹിത്യചരിത്ര



വിജ്ഞാനീയം പരിശ്രമിക്കുന്നുണ്ട്.

സാഹിത്യചരിത്രം എന്ന ആഖ്യാനത്തിന് പിറകിൽ അനവധിയായ ബലതന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആശയാവലികളുടെ മാധ്യസ്ഥത്തിലാണ് (Mediation) സാഹിത്യചരിത്രങ്ങൾ സാഹിത്യത്തെ വിലയിരുത്തുന്നത്. ആശയാവലികളും അധികാരപരമായ ആവശ്യങ്ങളുമാണ് സാഹിത്യചരിത്രത്തിന്റെ സർവ അംശങ്ങളിലും പ്രവർത്തിക്കുന്നത്. ആഖ്യാനത്തെ നിയന്ത്രിക്കുന്ന മൗലികഘടകമാണ് പ്രത്യയശാസ്ത്രം. പ്രത്യയശാസ്ത്രം കലരുന്ന സാഹിത്യ ചരിത്രാഖ്യാനം വസ്തുതകളെ പുനരവതരിപ്പിക്കുകയല്ല, പ്രതിനിധാനം ചെയ്യുകയാണ്. പ്രതിനിധാനത്തിലൂടെ തെളിയുന്ന സാഹിത്യ ചരിത്ര കർതൃത്വത്തിലാണ് സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ പ്രധാന ശ്രദ്ധ.

ആഖ്യാന നിർമിതിക്കായി യുക്തിപരമായ ഉപപാദനങ്ങളിലൂടെ ആഖ്യാതാവ് കടന്നുപോകുന്നു. സാഹിത്യചരിത്രകാരന്റെ അറിവിനും നിയന്ത്രണത്തിനും അപ്പുറത്ത് രൂപപ്പെടുന്ന യുക്തികളെ കാഴ്ച - കേൾവി എന്നിങ്ങനെ പലതും സ്വാധീനിക്കുന്നുണ്ട്. താർക്കികം, ആഖ്യാനം, സൗന്ദര്യം എന്നിങ്ങനെ യുക്തികൾ പലതാണ്. സാഹിത്യ ചരിത്രവിജ്ഞാനീയം ഉപപാദനഭേദങ്ങൾ വിശദീകരിക്കുന്നതി നോടൊപ്പം ഭേദങ്ങൾ സാധുവാകുന്ന പ്രകരണവും പ്രത്യയശാസ്ത്രവും ഉദ്ധരിച്ച് ഉപപാദനങ്ങളുമായി താരതമ്യവും സമകാലികജ്ഞാന പരിസരത്തിൽ വ്യാഖ്യാനവും നടത്തുന്നു.

## രണ്ട്: രീതിശാസ്ത്രം: അടിസ്ഥാനങ്ങൾ

പാരമ്പര്യസങ്കൽപ്പനങ്ങളിൽ നിന്നും കീഴ്‌വഴക്കങ്ങളിൽനിന്നുമാണ് 'മലയാളകവിതാസാഹിത്യചരിത്രം' അടക്കമുള്ളമുഖ്യധാരാകൃതികളുടെഅടിസ്ഥാനങ്ങൾ രൂപപ്പെട്ടുവരുന്നത്. അടിസ്ഥാനങ്ങൾ ആവർത്തിച്ച് അവയോട് നടത്തുന്ന സംവാദങ്ങളും നിരീക്ഷണങ്ങളുമായാണ് ഇത്തരം കൃതികൾ നിലകൊള്ളുന്നത്. മുഖ്യധാരാകൃതികൾ ഉയർത്തുന്ന ഉപരിപ്ലവമായ വാദമുഖങ്ങൾ വെടിഞ്ഞ് അടിസ്ഥാനങ്ങളോട് സംവാദം നടത്തേണ്ടിവരികയും അവ സാധുവാകുന്ന പശ്ചാത്തലം പരിശോധിക്കുകയും ചെയ്യേണ്ടിവരുന്നത് ഇതുകൊണ്ടാണ്. 'മലയാള കവിതാസാഹിത്യചരിത്ര'ത്തിലെ രീതിശാസ്ത്രത്തെ അടിസ്ഥാനപരമായി നിർണയിച്ച ലാവണ്യവാദം, അടിസ്ഥാനസങ്കൽപ്പങ്ങൾ, ആഖ്യാനമാതൃകകൾ എന്നിങ്ങനെ മൂന്നു ഘടകങ്ങൾ ആണ് ഇവിടെ വിശകലനം ചെയ്യുന്നത്.

### ലാവണ്യവാദം

സൗന്ദര്യയുക്തി 'മലയാളകവിതാസാഹിത്യചരിത്ര'ത്തിന്റെ സങ്ക

അംശങ്ങളിലും ഇടപ്പെട്ട് ലാവണ്യാധിഷ്ഠിതമായ സാഹിത്യ ചരിത്രനിർമിതിക്ക് ആഖ്യാതാവിനെ പ്രേരിപ്പിക്കുന്നു. കൃതിയുടെ പ്രാചീന-മധ്യകാല വിശകലനങ്ങളിൽ നിന്ന് ലാവണ്യവാദത്തിന് മാതൃകകൾ ഉദാഹരിക്കാവുന്നതാണ്.

ഒന്ന്: "പൂന്താനത്തിന്റെ സ്തോത്രങ്ങൾ കേരളത്തിലെ പ്രാത: സന്ധ്യകളെയും സായംസന്ധ്യകളെയും ഏതാണ്ട് നാലുനൂറ്റാണ്ടുകളോളം കുളിർകാറ്റുകൊണ്ടെന്നപോലെ രോമാഞ്ചമണിയിച്ചു. പുതുപൂക്കളെകൊണ്ടെന്നപോലെ സുരഭിലമാക്കി. കിളികളുടെ കളഗാനം കൊണ്ടെന്നപോലെ ആർദ്രമാക്കി. നാസ്തികനായ നിരൂപ കനുപോലും ഈ യാഥാർഥ്യത്തെ അവഗണിക്കുവാൻ കഴിയുകയില്ല" (2002:96)

രണ്ട്: "സമൃദ്ധമായി പൂത്തുതഴച്ച് കതിരണിഞ്ഞ് വിളയുക, ക്രമേണയങ്ങ് നീർവറ്റിവരളുക. ഈ രണ്ടു ധർമത്തിലും മുളങ്കാടുകൾ പൂക്കും പോലുള്ള ഒരു സവിശേഷ വസന്തമായി വെൺമണിപ്രസ്ഥാനത്തെ കരുതാം. മുളങ്കാടിനുചുവട്ടിൽ മുളയരിപോലെ അന്ന് കവിത തുരുതുരെ പൊഴിഞ്ഞു. എല്ലാം അടിച്ചുകൂട്ടിയെടുക്കാൻ പ്രസാധകർ പുതിയപുതിയ കൊട്ടകളുമായെത്തി. കാവ്യമാസികകൾ നിറഞ്ഞു വഴിഞ്ഞു" (2002: 135)

മൂന്ന്: "മരത്തിലിലവിരിയും പോലെ അത്ര സ്വഭാവികമായി വിരിഞ്ഞ കവിത, ഉറവയിൽനിന്ന് നീരൊഴുകും പോലെ അത്ര അനുസ്യൂതമായി ഒഴുകിയ കവിത, പൂവിരിയുമ്പോൾ സൗരഭ്യം പരക്കും പോലെ അത്ര ഹൃദ്യമായി പരന്ന കവിത-സ്വച്ഛന്ദമെന്ന വിശേഷണം മറ്റ് ഏത് കവിതയ്ക്ക് ഇത്ര യോജിക്കും. സരസദ്രുതകവികിരീടമണിയെന്ന് ലക്ഷണാസംഗം നാടകത്തിൽ അദ്ദേഹം സ്വയം വിശേഷിപ്പിച്ചത് ഒരു ആത്മപ്രശംസയല്ല. വസ്തുസ്ഥിതികഥനം മാത്രമാണ്.' (2002:142)

ലാവണ്യവാദസമീപനത്തിൽ സാമൂഹ്യവിശകലനം പടിയിറങ്ങു ന്നു. പകരം വർണന, രസചിന്ത, പ്രാസം, വൃത്തം, അലങ്കാരം ഇങ്ങനെ നിരവധി ഘടകങ്ങൾ പ്രാധാന്യം വരിക്കുന്നു. സാമൂഹികതയിലും സങ്കൽപ്പനങ്ങളിലും വന്ന മാറ്റങ്ങൾ ലാവണ്യവാദം വൈയക്തിക യുക്തികളിൽ ഉൾക്കൊള്ളുന്നു. 'മലയാളകവിതാസാഹിത്യചരിത്ര'ത്തിന്റെ കാവ്യഉദ്ധരിണികളിൽ 75% ത്തിലധികം പ്രാസ അലങ്കാര- വർണ്ണനകൾ കേന്ദ്രമാക്കുന്നു.[1] ഭാവുകത്വമാറ്റം 'മലയാളകവിതാ സാഹിത്യചരിത്രം' വൈയക്തിക തലത്തിൽ ഉൾക്കൊള്ളുന്നു. സമകാലികതയിൽ രചനയിലും നിരൂപണത്തിലും മുഖ്യധാരയിൽ നിലനിൽക്കുന്ന സൗന്ദര്യസമീപനരീതിയാണിത്.[2]

സാമൂഹികമാനങ്ങളുള്ള കൃതികളെ, വ്യക്തികളെ ലാവണ്യവാദം ഉപരിപ്ലവതയിൽ വിലയിരുത്തുന്നു. വ്യക്തിയെയും കൃതിയെയും സംബന്ധിച്ച് സാമൂഹികതയിലേക്ക് തിരിയേണ്ട സാഹിത്യചരിത്ര ശ്രദ്ധ വൈയക്തികതയിലേക്കും ലാവണ്യവാദത്തിലേക്കും വഴിതെറ്റുന്നു. ലാവണ്യവാദം അടിസ്ഥാനപ്രശ്നങ്ങളിലേക്ക് സാഹിത്യചരിത്ര കർത്താവിനെ നയിക്കുന്നില്ല. സമകാലിക പ്രശ്നങ്ങളുടെ അനാവരണത്തിന് എന്തുകൊണ്ട് പുതുകവിതപോലും ഇതിഹാസ- പുരാണ കഥാപാത്ര ങ്ങളെയും സന്ദർഭങ്ങളെയും പ്രമേയങ്ങളെയും മാതൃകയാക്കുന്നുവെന്ന ചോദ്യത്തിന് പൗരാണികതയുമായി മലയാള കവിത ബന്ധപ്പെട്ട അടിസ്ഥാനങ്ങൾ പരിശോധിക്കണം.[3] പൗരാണികത കേന്ദ്രമാകുന്ന കൃതികളിലെ പ്രാസ-അലങ്കാര-രൂപ ചർച്ചകൾ പ്രസ്തുത പ്രശ്നം അനാവരണം ചെയ്യില്ല.



ലാവണ്യവാദത്തിന് കവിതയും സംഗീതവുമായുള്ള ബന്ധം ചെറുതല്ല. കവിതയെയും സംഗീതത്തെയും തുണയ്ക്കുന്ന അമൂർത്ത സങ്കൽപ്പങ്ങൾ ലാവണ്യവാദത്തെയും തുണയ്ക്കുന്നു. ആമുഖത്തിൽ ആരംഭിക്കുന്ന കാവ്യപക്ഷപാതം കൃതിയിൽ ഉടനീളം നിലനിൽക്കുന്നത് ഇതുകൊണ്ടാണ്.[4] "ഇത്തവണ പാട്ടുകളുടെ കൂട്ടത്തിൽ ശാസ്ത്രീയ സംഗീതത്തിന്റെ സാഹിത്യരൂപവും ഉൾപ്പെടുന്നു. ഇത് സംഗീത ചരിത്രമല്ലെങ്കിൽ പോലും അവയെ തള്ളിക്കളഞ്ഞുകൂടാ." (2002: 128) എന്നിങ്ങനെ സംഗീതചരിത്രം കൃതിക്ക് അന്യമാവാത്തതും ഇതുകൊണ്ടുതന്നെ.

കാവ്യപക്ഷപാതം ഗദ്യത്തോടും ഗദ്യകവിതകളോടും ഉള്ള 'മലയാളകവിതാസാഹിത്യചരിത്ര' നിലപാടിനെ നിർണയിക്കുന്നു. ഒരുവരിപോലും പദ്യത്തിലെഴുതാതെ സമകാലികതയിൽ കവിയുടെ നിലനിൽപ്പ് സാധ്യമാവുന്നത് കാവ്യമണ്ഡലം പിന്നിട്ട ഭാവുകത്വവഴികളെയും സങ്കൽപ്പന വിച്ഛേദങ്ങളെയും അടയാളപ്പെടുത്തുന്നുണ്ട്. നിയോക്ലാസിക് ഭാവുകത്വം പുലർത്തുന്ന സാഹിത്യചരിത്രം പദ്യപരതയിലെ വിച്ഛേദങ്ങൾ മറ്റൊരു ദിശയിൽ ഉൾക്കൊള്ളുന്നു. സാഹിത്യചരിത്രങ്ങൾ ഗദ്യത്തിന് നൽകിയ ഇടം സാഹിത്യചരിത്രവിജ്ഞാനീയ വിഷയമാണ്. പദ്യശാഖയോടുള്ള സമീപനം ഗദ്യവിവേചനമായി സാഹിത്യചരിത്രങ്ങളിൽ രൂപപ്പെടുകയായിരുന്നു. ലാവണ്യവാദപരമാണ് സാഹിത്യചരിത്രങ്ങളിലെ പദ്യസമീപനം. അതുകൊണ്ടുതന്നെ മുഖ്യധാരാഘടകമായ ലാവണ്യവാദത്തെ നിശിതമായി അപഗ്രഥിക്കാതെ സാഹിത്യചരിത്രങ്ങളുടെ ഗദ്യവിവേചനം വിലയിരുത്തുക വയ്യ.

ലാവണ്യവാദം വിശകലനത്തിന് വേരുകൾ സ്വീകരിക്കുന്നത് അധീശജ്ഞാനക്രമങ്ങളിൽ നിന്നാണ്. വിലയിരുത്തുക പ്രസ്തുത ജ്ഞാനക്രമങ്ങൾക്കകത്തുവച്ചും. "മധ്യകേരളക്കാരെന്ന് പൊതുവെ വിളിക്കാവുന്നവരുമായ മേജർസെറ്റും നിരവധി പേരുമടങ്ങുന്ന മൈനർ സെറ്റും അരങ്ങുതകർത്തു" (2002:135) കഥകളിയുടെ ഭാവതലം 'മലയാളകവിതസാഹിത്യചരിത്ര'ത്തിന്റെ വിശകലനരീതിശാസ്ത്രമാവുന്നത് ഇങ്ങനെയാണ്. പ്രബലമായ സാഹിത്യസമീപനങ്ങളും, പൗരസ്ത്യ/ആർഷദർശനങ്ങളും വിശകലനത്തി

ന് അന്തർധാരയാ വുന്നു. പുനരുത്ഥാനവാദത്തിലേക്ക് വിശകലനം എളുപ്പം അടുക്കുകയും ചെയ്യുന്നു.

വൈകാരികതലത്തിൽ മനസ്സിനെ സ്വാധീനിക്കുന്നത് സുന്ദരം എന്ന് വിലയിരുത്തപ്പെടുന്നു. തീർത്തും മൗലികമായി, സ്വാഭാവിക മാനങ്ങളിൽ സൗന്ദര്യം തിരിച്ചറിയാനുള്ള ശേഷി വിലയിരുത്തപ്പെടുന്നു. അനുഭൂതിതല സൗന്ദര്യഘടകങ്ങൾ നിർദോഷസാഹചര്യത്തിൽ രൂപപ്പെടുന്നവയല്ല. സൗന്ദര്യം നിർവചിക്കപ്പെടുന്ന സാംസ്കാരിക സന്ദർഭം പ്രധാനമാണ്. വിഭിന്ന കാലങ്ങളിൽ സൗന്ദര്യം വിഭിന്നമാകുന്നു. വൈയക്തിക അനുഭ്ര നുഭൂതികൾക്ക് പിന്നിലെ സാമൂഹ്യഘടകങ്ങളാണ് പ്രധാനം. വൈയക്തികാനുഭൂതി തലങ്ങൾ സാമാന്യ-പൊതുയുക്തി കളുമായി ഇഴുകിച്ചേരുന്നു. സാമാന്യയുക്തിയെ സാധ്യമാക്കുന്നതിൽ അധികാരത്തിനുള്ള പങ്ക് ചെറുതല്ല. അധീശതയെ ബലപ്പെടുത്തുന്ന സാമാന്യബുദ്ധിയാണ് ലാവണ്യവാദത്തിന്റെ അടിസ്ഥാനം. ലാവണ്യവാദസമീപനത്തിൽ അഭിരമിക്കുന്ന 'മലയാളകവിതസാഹിത്യ ചരിത്ര'കർതൃത്വവും കൃതി വായനയ്ക്കെടുക്കുന്ന സാമാന്യബുദ്ധിയും ലാവണ്യവാദ ഭാഷാപ്രയോഗങ്ങളിലും സങ്കൽപ്പനങ്ങളിലും പ്രത്യക്ഷത്തിൽ അഭിരമിക്കുമ്പോൾ അധികാരബലതന്ത്രങ്ങളുമായി സമരസപ്പെടുക തന്നെയാണ് ചെയ്യുന്നത്.

സമകാലിക സൈദ്ധാന്തിക ഉണർവുകളിൽ ലാവണ്യവാദം പിന്തള്ളപ്പെടുന്നത് കാണാം. സൗന്ദര്യം എന്ത് എന്ന ചോദ്യത്തിൽ പ്രകരണം പ്രസക്തമാവുകയും പ്രകരണത്തിലെ അധികാരഘടകങ്ങൾ ലാവണ്യവാദത്തിൽ കലരുന്നത് തിരിച്ചറിയപ്പെടുകയും ചെയ്യുമ്പോൾ സൗന്ദര്യതലം വെടിഞ്ഞ് അന്വേഷണങ്ങൾ സാംസ്കാരിക മാനങ്ങളിലേക്ക് വികസിക്കുന്നു. സാഹിത്യം സാഹിത്യമാത്രമായല്ല ഇന്ന് പഠിക്കപ്പെടുക. സാഹിത്യചരിത്രം സാഹിത്യചരിത്രമായും. സാമാന്യ സൗന്ദര്യ ശാസ്ത്രബോധം കേന്ദ്രമാവുന്ന 'മലയാളകവിതാസാഹിത്യ ചരിത്ര'ത്തിന്റെ പുനഃപരിശോധനയ്ക്ക് കർതൃത്വരൂപീകരണത്തിൽ ലാവണ്യവാദം വഹിച്ച പങ്കും പ്രകരണത്തിലെ ലാവണ്യവാദ സവിശേഷതകളും അധികാരവുമായുള്ള ഒന്നുചേരലുകളും അപഗ്രഥിക്കേണ്ടിവരുന്നത് അതുകൊണ്ടാണ്.

## അടിസ്ഥാന സങ്കൽപങ്ങൾ

'മലയാളകവിതാസാഹിത്യചരിത്ര'കർതൃത്വം ചരിത്രം, സാഹിത്യം എന്നിവ സംബന്ധിച്ച് പുലർത്തുന്ന അടിസ്ഥാന സങ്കൽപ്പങ്ങൾ പ്രധാനമാണ്. ആഖ്യാതാവിന്റെ സാഹിത്യചരിത്രബോധത്തെയും രൂപപ്പെട്ട സാഹിത്യചരിത്രത്തിന്റെ സ്വഭാവത്തെയും സംബന്ധിച്ച് കൃതിയിൽ നിന്ന് തെളിഞ്ഞുകിട്ടുന്ന കാഴ്ചപ്പാടുകൾ പൊതുനിഗമനങ്ങളായി ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്.



ഒന്ന്: സാഹിത്യചരിത്രം പുസ്തകവിവരപട്ടികയല്ലെങ്കിലും ചരിത്രമാകയാൽ, പുസ്തകപേരുവിവരങ്ങൾ ഉള്ളടക്കമാവേണ്ടതുണ്ട്. വിഭിന്നവീക്ഷണങ്ങൾക്ക് വസ്തുതാന്വേഷണം അവലംബമാക്കേണ്ടി വരുമ്പോഴും സാഹിത്യചരിത്രത്തിൽ നിരൂപണാംശം പ്രധാനമാണ്.

രണ്ട്: മൂല്യവിവേചനത്തെ വ്യക്തി, ജാതി, മതം, പ്രത്യയശാസ്ത്രം, വിശ്വാസം, പൂർവനിഗമനങ്ങൾ തുടങ്ങിയവ സ്വാധീനിക്കരുത്. കക്ഷിവർഗഗണാദികളിലൂന്നുന്ന പക്ഷപാതങ്ങൾക്ക് അതീതമായി സത്യശിവസൗന്ദര്യങ്ങളോടാണ് കവിതയുടെ പ്രതിജ്ഞാബദ്ധത.

മൂന്ന്: സാഹിത്യചരിത്രനിർമാണത്തിൽ നിയതമായ തത്വശാസ്ത്രം ബാധകമല്ല.

നാല്: സാഹിത്യചരിത്രരചനയിൽ കാലഘട്ടങ്ങളോടും കൃതികളോടും വിവേചനം കൂടാതെ തുല്യാദരം പ്രകടിപ്പിക്കണം.

അഞ്ച്: അഞ്ച് പതിപ്പുകളിലും 'മലയാളകവിതാസാഹിത്യചരിത്ര'ത്തിന്റെ നിലപാട് സ്ഥിതമാണ്. സാഹിത്യചരിത്രം കാലത്തിനൊത്ത് എത്തുക പതിപ്പുകളിൽ സമകാലകവിതകളും പുസ്തക പേരുവിവരങ്ങളും കൂടി ചേരുമ്പോഴാണ്.

ആറ്: സൂക്ഷ്മതയിൽ 'മലയാളകവിതാസാഹിത്യചരിത്ര' നിലപാടുകൾ നിലപാടില്ലായ്മയെയാണ് സൂചിപ്പിക്കുന്നത്.

കൃതിയുടെ സാഹിത്യം, ചരിത്രം സംബന്ധിച്ച അടിസ്ഥാനങ്ങൾക്ക് നിക്ഷ്പക്ഷത, സമഗ്രത, മൗലികത, അമൂർത്തത തുടങ്ങിയ ഘടകങ്ങൾ അന്തർധാരയാവുന്നു. സാഹിത്യം സാഹിത്യമായല്ലാതെ സാമൂഹ്യബലതന്ത്രങ്ങൾക്കകത്ത് പ്രതിഷ്ഠിക്കുന്ന ഭാവുകത്വത്തിന് വിശകലനത്തിൽ നിഷ്പക്ഷത മാനദണ്ഡമാക്കുക വയ്യ. നിശിതരാഷ്ട്രീയ നിലപാടുകളിൽ സാഹിത്യചരിത്രത്തിലേക്ക് വികസിക്കുന്ന കാഴ്ചയാണ് സാമൂഹിക- സാംസ്കാരിക വിശകലനം. യാന്ത്രിക രാഷ്ട്രീയ വാദങ്ങളിൽ നിന്നകലുന്ന ജാഗ്രതകൂടി സമകാലത്ത് സാംസ്കാരിക നിരൂപണം പ്രകടിപ്പിക്കുന്നുണ്ട്.

നിരൂപണത്തിൽ ആഖ്യാതാവ് വികസിപ്പിക്കുന്ന അഭിപ്രായങ്ങൾ മൗലികമോ, ശുദ്ധമോ അല്ല. സാമൂഹ്യപ്രകരണം സാധുവാക്കുന്ന സങ്കീർണതയാണത്. വ്യക്തി-ജാതി-മത പ്രത്യയശാസ്ത്രങ്ങൾ സാഹിത്യചരിത്രനിർമിതിയെ സ്വാധീനിക്കരുതെന്ന് പ്രഖ്യാപിക്കുന്ന ആഖ്യാനത്തിൽ കണ്ടെടുക്കാനാവുക പ്രസ്തുതഘടകങ്ങളുടെ ആധിക്യമാണ്. 'മലയാളകവിതാസാഹിത്യചരിത്രം' കരുതുംപോലെ സാഹിത്യം ജാതി-മത-വർഗബാധകളില്ലാത്ത അമൂർത്തതയല്ല. അമൂർത്തതയുടെ അംശങ്ങൾ കൊഴിച്ച്

സാമൂഹ്യ-സാംസ്കാരിക മാനങ്ങളിൽ വിലയിരുത്തേണ്ടതാണ് ചരിത്രവും സാഹിത്യവുമെല്ലാം. സവിശേഷ സാമൂഹ്യസന്ദർഭത്തിലെ ബോധപൂർവമായ ഇടപെടൽ മാത്രമാണ്.

സമഗ്രത, മൗലികത എന്നിവ ആഖ്യാതാവിന്റെ മാനസികഘടനയിലെ ഉപരിതല യാഥാർഥ്യങ്ങൾ മാത്രമാണ്. മലയാളകവിതാ സാഹിത്യചരിത്രയുക്തി പോലെ സർവരെയും തൃപ്തിപ്പെടുത്തി, അനുപാതങ്ങൾ ഒപ്പിച്ച്, ഉഭയഘടന സ്വീകരിച്ച് നിർമിക്കാവുന്നതല്ല സാഹിത്യചരിത്രം. ചരിത്രവും സാഹിത്യവും എക്കാലത്തേക്കും ഒന്നല്ല. അഞ്ചുപതിപ്പുകളിൽ ഒരു സാഹിത്യത്തിന്റെ ചരിത്രത്തിനും ഒന്നായി തുടരുക വയ്യ. പ്രകരണത്തിൽ അർഥോൽപ്പാദനം നടക്കുന്ന പാഠപരതയാണ് ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും പൊരുൾ. 'മലയാളകവിതാസാഹിത്യ ചരിത്ര'ത്തിന്റെ ചരിത്ര- സാഹിത്യ നിലപാടുകളും സങ്കൽപ്പനങ്ങളും അടിസ്ഥാനങ്ങളിൽ അസാധുവാക്കപ്പെടുന്ന സാംസ്കാരികസന്ദർഭം ഇതാണ്.

പൂർവമാതൃകകളുടെ രീതിശാസ്ത്രം, ആശയതലം തുടങ്ങിയവയോട് 'മലയാളകവിതാസാഹിത്യചരിത്രം' പുലർത്തിയ നിലപാടുകൾ പ്രധാനമാണ്. ഉള്ളൂരിന്റെ 'കേരളസാഹിത്യചരിത്ര'വും എൻ. കൃഷ്ണപിള്ളയുടെ കൈരളിയുടെ കഥയും പൂർവസാഹിത്യ ചരിത്രങ്ങളുടെ കൂട്ടത്തിൽ കൃതിക്ക് മാതൃകയാവുന്നു. ടി.എം. ചുമ്മാറിന്റെ 'പദ്യസാഹിത്യചരിത്രം' 'മലയാളകവിതാസാഹിത്യ ചരിത്രം' പരിഗണനാർഹമായി കരുതിയില്ല.[5] ഉള്ളൂർ,- കൃഷ്ണപിള്ള അടിസ്ഥാനവും ഉപരിതലത്തിൽ അവയോടുള്ള സംവാദശ്രമങ്ങളുമാണ് 'മലയാളകവിതാസാഹിത്യചരിത്രം'. "മറ്റുള്ളവർ ഭാഷാസാഹിത്യസൗധത്തിന്റെ ഭിത്തികളിൽ ചിത്രപ്പണികൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ സ്ഥപതിമൂർധന്യൻ അതിന്റെ അസ്തിവാരവും ആരൂഢവും ഉറപ്പിച്ച് അതിന് ശാശ്വതപ്രതിഷ്ഠ നൽകി എന്ന് ഉള്ളൂർ നൽകിയ പ്രശംസ വേണമെങ്കിൽ ഒന്നുകൂടി പരിഷ്കരിച്ച് അതിന് പുതിയ നിലകൾ പണിത് കൂട്ടിച്ചേർക്കത്തക്കവണ്ണം അസ്തിവാരത്തെ റീ ഇൻഫോഴ്സ് ചെയ്തു എന്നാക്കാം" (2002: 160) എന്നിങ്ങനെ കേരളസാഹിത്യചരിത്രത്തെ പരിഷ്കരിക്കുന്നു 'മലയാളകവിതാസാഹിത്യചരിത്രം'.

'കേരളസാഹിത്യചരിത്ര'വും 'കൈരളിയുടെ കഥ'യും മാതൃകയാവുന്ന 'മലയാളകവിതാസാഹിത്യചരിത്ര'ത്തിന് അവയുടെ രൂപ-ആശയതലങ്ങളിൽ നിന്ന് നിർണായകമായ വിച്ഛേദം രേഖപ്പെടുത്താൻ കഴിഞ്ഞില്ല. പ്രസ്തുത സാഹിത്യചരിത്രകൃതികൾ സ്വാംശീകരിച്ച ഭാഷാ-സാഹിത്യ സിദ്ധാന്തങ്ങളെ വിവേചനമില്ലാതെ മലയാളകവിതാസാഹിത്യചരിത്രവും സ്വീകരിച്ചു. പൂർവികരിലെ ജനാധിപത്യവിരുദ്ധതകളും നിയോക്ലാസിക് പ്രവണതകളും പഴയപടിയിലല്ലെങ്കിലും 'മലയാളകവിതാസാഹിത്യചരിത്ര'വും



തുടരുന്നു. സങ്കൽപ്പനങ്ങളിൽ ചർച്ച തുടരുമ്പോഴും അടിസ്ഥാനങ്ങളുടെ ചട്ടക്കൂട് പഴയതുതന്നെ.

## ആഖ്യാനക്രമങ്ങൾ

'മലയാളകവിതാസാഹിത്യചരിത്രം' പ്രാചീന-മധ്യകാലകാവ്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ വിലയിരുത്തുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നു. പാട്ട്, മണിപ്രവാളം, ആട്ടക്കഥ, തുള്ളൽ, വെണ്മണി, കേരളവർമ, രാജരാജവർമ എന്നിങ്ങനെ പ്രസ്ഥാനങ്ങളായി ഒരോ ഘട്ടവും അടയാളപ്പെടുത്തപ്പെടുന്നു. പ്രസ്ഥാനനിർമാതാക്കളായി വ്യക്തികളെയും വ്യക്തികേന്ദ്രങ്ങളായി കൃതികളെയും 'മലയാളകവിതാസാഹിത്യചരിത്രം' അടയാളപ്പെടുത്തുന്നു. പ്രസ്ഥാനം, വ്യക്തി, കൃതി തുടങ്ങിയവ അടിസ്ഥാനങ്ങളാവുന്ന ആഖ്യാനമാതൃകയിലേക്ക് വൈയക്തികവും ലാവണ്യവാദപരവുമായ ഭാവുകത്വം നടത്തുന്ന യാത്രയാണ് 'മലയാളകവിതാസാഹിത്യചരിത്രം'. പ്രസ്ഥാനത്തിലും വ്യക്തിയിലും കൃതിയിലും അധിഷ്ഠിതമായി ചരിത്രത്തെയും എഴുത്തിനെയും മനസ്സിലാക്കുന്ന സാഹിത്യചരിത്രത്തിന്റെ ആഖ്യാനപരിമിതികൾ 'മലയാളകവിതാസാഹിത്യചരിത്ര'ത്തിലും നിലനിൽക്കുന്നു.

പാട്ട്, മണിപ്രവാളം, ആട്ടക്കഥ, തുള്ളൽ തുടങ്ങിയ പ്രസ്ഥാനങ്ങൾ ഭാവത്തിലുപരി രൂപാധിഷ്ഠിതമാണ്.[6] പ്രസ്ഥാനകൽപ്പനയിലെ ഭാവുകത്വ പഴമകൂടിയാണിത്. പ്രാദേശികസാഹിത്യങ്ങളിൽ പാശ്ചാത്യബോധത്തിന് മുമ്പ് തന്നെ രൂപപരമായ പ്രതിഷ്ഠപ്പെടുത്തൽ പ്രബലമായിരുന്നു. സംസ്കൃതസാഹിത്യവിമർശനം രൂപപരതയിൽ ഊന്നുന്നു. രസം, ധ്വനി തുടങ്ങിയ സങ്കൽപ്പങ്ങൾ ഭാവപരതയെ അനുവർത്തിക്കാൻ ശ്രമിക്കുന്നുവെങ്കിലും പ്രയോഗതലത്തിൽ രൂപപരതതന്നെ കേന്ദ്രമാക്കുന്നു. മലയാളത്തിൽ ആദ്യകാലവിമർശനങ്ങൾ മുഖ്യമായും രൂപാസ്പദമായിരുന്നു. 19-ാം നൂറ്റാണ്ടിനുശേഷം മാത്രം മലയാളനിരൂപണം ഭാവപരതയിൽ ശ്രദ്ധിച്ചുവെന്ന് പറയാം.

രൂപത്തെ അടിസ്ഥാനമാക്കുന്ന പ്രസ്ഥാനകൽപ്പനയ്ക്ക് രൂപം പ്രധാനമല്ലാത്ത എഴുത്ത് സാഹിത്യമാവില്ല. ധ്വനി പ്രധാനമാവുന്നിടത്ത് നാടോടിഗാനശാഖപുറത്താകുന്നത് ഇങ്ങനെയാണ്. രൂപമാകട്ടെ, രൂപമാത്രമായ ഒന്നല്ല മറിച്ച് അധികാരത്തിന്റെ ആശയഘടനയുമായി ബന്ധപ്പെടുന്ന ആഖ്യാന വഴികൂടിയാണ്. രൂപാധിഷ്ഠിതമായി പ്രസ്ഥാനത്തെ വിലയിരുത്തുന്ന ആഖ്യാനം സാഹിത്യത്തെ സാങ്കേതികാർഥത്തിൽ നിർവചിക്കുകവഴി അധികാരഘടകങ്ങളുമായി ഒന്നുചേരുകതന്നെയാണ്. രൂപം പ്രബലമാകുന്ന ആശയഘടന തന്നെയാണ് പ്രസ്ഥാനത്തിന് വ്യക്തിയെ പ്രധാനമാക്കുന്നത്. വ്യക്തിയിലുള്ള ഈ കേന്ദ്രീകരണം സാഹിത്യചരിത്രത്തെ വ്യക്തിമഹത്വവാദത്തിലേക്ക് വഴിതെറ്റിക്കുന്നു. ആഖ്യാനത്തിൽ കാവ്യച

രിത്രം വ്യക്തിയുടെ കുടുംബചരിത്രവും ദേശചരിത്രവുമാകുന്നു7. വ്യക്തിയെ
ഘട്ടത്തിൽ, കാവ്യയുഗത്തിൽ പ്രതിഷ്ഠിച്ച് യുഗപ്രഭാവൻമാരെയും യുഗപുരു
ഷൻമാരെയും സൃഷ്ടിച്ചിട്ടുണ്ട്. വ്യക്തി അവതാരങ്ങൾ പൊലിയുമ്പോൾ
യുഗസംക്രമണഘട്ടമായി. വ്യക്തിയുടെ പുരപ്രേക്ഷണ (Foregrounding)
ത്തിലൂടെ എഴുത്ത് അതിന്റെ സാമൂഹ്യധർമങ്ങൾ കൈയൊഴിയുന്നു. വ്യക്തി
പ്രധാനമാവുന്ന, കൃതിപ്രധാനമാവുന്ന സാഹിത്യചരിത്രത്തിന് ഭാവനയുടെ
ചരിത്രപരത ഭാവുകത്വത്തിന്റെ ചരിത്രബദ്ധത ഇവയെ മനസ്സിലാക്കുക
വയ്യ. വ്യക്തിപ്രധാനമാവുന്ന 'മലയാളകവിതാസാഹിത്യചരിത്രം' ജീവച
രിത്രവും, കുടുംബ-വംശ ചരിത്രവും പാണ്ഡിത്യചരിത്രവുമായി ഒടുങ്ങുന്നത്
ഇങ്ങനെയാണ്. എഴുത്ത് സാമൂഹികസന്ദർഭങ്ങൾക്കകത്ത് പ്രതിഷ്ഠിക്കപ്പെ
ടുന്ന സമകാലികതയിൽ വ്യക്തികളോ കൃതികളോ സാങ്കേതിക-രൂപപൊ
ലിമകളോ പ്രധാനമാവുന്നില്ല. കവിത രൂപപൊലിമകളെ കൈയൊഴിയുന്ന,
വ്യക്തി നിർവചിക്കപ്പെടുന്ന സാംസ്കാരിക സന്ദർഭങ്ങൾ പ്രധാനമാവുന്ന,
എഴുത്തുകാരൻ മരണപ്പെട്ട് കൃതി പാഠമായി നിലകൊള്ളുന്ന സമകാലിക
സൂക്ഷ്മജാഗ്രതകളിൽ നിന്ന് തിരിഞ്ഞുനോക്കുമ്പോൾ 'മലയാളകവിതാസാ
ഹിത്യചരിത്ര'ത്തിന്റെ ആഖ്യാനമാതൃകകൾ റദ്ദുചെയ്യപ്പെടുന്നു.

## മൂന്ന്: സ്ഥാപനവൽക്കരണം.

കൃതിക്ക് പുറത്ത് മുഖ്യധാരാഘടകങ്ങളുടെ സ്ഥാപനവൽക്കരണം പ്ര
ധാനമാണ്. 'മലയാളകവിതാസാഹിത്യചരിത്ര'ത്തിലെ ലാവണ്യവാദവും
നിലപാടുകളും ആഖ്യാനക്രമങ്ങളും എല്ലാം ഈ അർഥത്തിൽ സ്ഥാപന
വൽക്കരിക്കപ്പെടുന്നു. 'മലയാളകവിതാസാഹിത്യചരിത്രം' സാഹിത്യത്തെ,
അതിന്റെ ചരിത്രത്തെ സ്ഥിതമായി മനസ്സിലാക്കുന്നു. ഇക്കാലത്തേക്കും
എക്കാലത്തേക്കുമായി നിർവചിക്കുന്നു. പുതുഎഴുത്തുകാരുടെ പേരുവിവര
ങ്ങളും പഴയ എഴുത്തുകാരുടെ പുതുകൃതികളും ഉള്ളടങ്ങുന്ന അനുബന്ധങ്ങളാ
ണ് 'മലയാളകവിതാസാഹിത്യചരിത്ര'ത്തിന് കാലത്തോടൊപ്പം എത്താൻ
വേണ്ടുന്ന കൂട്ടിച്ചേർക്കലുകൾ. സ്ഥിതമായ സാഹിത്യചരിത്രത്തിന്റെ പുസ്ത
കപേരുവിവരങ്ങളായുള്ള മുന്നേറലുകളെ ഏറ്റെടുക്കാൻ വായനാസമൂഹം നി
ർബന്ധിക്കപ്പെടുന്നു.

സാഹിത്യചരിത്രകാരനും/ചരിത്രകാരിയും അധികാരാസ്ഥാപനയു
ക്തികളും നിർമിച്ചെടുത്ത കാവ്യചരിത്രം അക്കാദമിക് സമൂഹവും പൊതുധാ
രയും സൂക്ഷ്മജാഗ്രതകളിലെ വൈയക്തികബോധങ്ങൾ തന്നെയും ചോദ്യങ്ങ
ളില്ലാതെ സർവാത്മനാസ്വീകരിക്കുന്നു. ആഖ്യാനത്തിന് എതിരെ വരുന്ന
ചോദ്യങ്ങളെ അക്കാദമിക പദ്ധതിയാക്കി, പരിമിതിയാക്കി സാഹിത്യച
രിത്രകാരിയും സ്ഥാപനവും വ്യാഖ്യാനിക്കുന്നു. ആധിപത്യ ആശയഘടന



കൾക്കകത്ത് സാഹിത്യചരിത്രകാരൻ/ചരിത്രകാരി സാഹിത്യം, ചരിത്രം
സംബന്ധിച്ച് കൈക്കൊണ്ട തീർപ്പുകൾ സ്ഥാപനപ്രബലതയിലേക്ക് ഒന്നു
ചേരുന്നു. അധികാരത്തിന്റെയും അബോധത്തിന്റെയും സ്ഥാപനയുക്തി
കളോട്, ജനവിരുദ്ധതകളോട് കലഹിച്ച് രൂപപ്പെടേണ്ട ഒന്നാവുന്നു ഈ
നിലയിൽ മുഖ്യധാരയ്ക്ക് എതിരായ ഭാവുകത്വം.

സാഹിത്യചരിത്രവിജ്ഞാനീയം മുൻനിർത്തി 'മലയാളകവിതാസാ
ഹിത്യചരിത്ര'ത്തിന്റെ വിമർശനാത്മക വായന നിർവഹിക്കാനാണ് ഈ
പ്രബന്ധം പരിശ്രമിച്ചത്. രീതിശാസ്ത്രഅബോധങ്ങൾ നിർമിച്ചെടുക്കുന്ന
കാവ്യചരിത്രം നിലനിൽക്കുന്ന അധികാരഘടനയ്ക്കകത്ത് അധികാര ബല
തന്ത്രങ്ങളെ സാധൂകരിച്ച് എപ്രകാരം നിലകൊള്ളുന്നു എന്നത് വിശകലനം
ബോധ്യപ്പെടുത്തുന്നു. ലാവണ്യവാദ സമീപനങ്ങളും സാഹിത്യത്തെയും
ചരിത്രത്തെയും സംബന്ധിച്ച അടിസ്ഥാനസങ്കൽപ്പങ്ങളും ആഖ്യാനക്രമങ്ങ
ളുടെ സവിശേഷതകളും 'മലയാളകവിതാസാഹിത്യചരിത്ര'-ത്തിന്റെ രീതി
ശാസ്ത്രത്തെ നിർമിച്ച അടിസ്ഥാന ഘടകങ്ങളായി കണ്ടെടുത്ത് പ്രബന്ധം
വിലയിരുത്തി. ലാവണ്യവാദസൗന്ദര്യശാസ്ത്രവും നിഷ്പക്ഷവും സമഗ്രവും
ആവാൻ ശ്രമിക്കുന്ന സാഹിത്യചരിത്രനിലപാടുകളും കാലത്തിൽ നിന്ന്
കൃതിയെ, കാവ്യചരിത്രത്തെ ബഹുദൂരം പിറകിലാക്കുന്നതിലേക്ക് മലയാ
ളകവിതാസാഹിത്യചരിത്രത്തെ കൊണ്ടു ചെന്നെത്തിച്ചു. കൃതിക്കപ്പുറത്ത്
അക്കാദമികളുടെയും സർവകലാശാലകളുടെയും സ്ഥാപന യുക്തികളിലൂടെ
പൊതുബോധത്തിലേക്ക് ഒന്നുചേരുന്ന ആശയാവലികളായാണ് രീതിശാ
സ്ത്രവും ആശയതലവും പരിണമിക്കുന്നത്.

## ഗ്രന്ഥസൂചി

കൃഷ്ണപിള്ള. എൻ 1958, കൈരളിയുടെ കഥ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം

കുഞ്ഞൻപിള്ള ശൂരനാട്, 1996 ലീലാതിലകം- പഠനവും വ്യാഖ്യാനവും, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗോവിന്ദപിള്ള. പി. 1881 മലയാളഭാഷാ ചരിത്രം, കേരളവിലാസം അച്ചുക്കൂടം, തിരുവനന്തപുരം.

ചുമ്മാർ. ടി.എം. 1936 പദ്യസാഹിത്യചരിത്രം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

ജോർജ്ജ്. കെ.എം (എഡി) 1958 സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം

നാരായണപണിക്കർ. ആർ. 1928 കേരളഭാഷാസാഹിത്യചരിത്രം, വിദ്യാവിലാസിനി ബുക്ക്ഡിപ്പോ, തിരുവനന്തപുരം.

പരമേശ്വരയ്യർ. എസ്. ഉള്ളൂർ. 1955 കേരളസാഹിത്യചരിത്രം, കേരളസർവ്വകലാശാല പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.

പവിത്രൻ. പി. 1999 'ആധുനികീകരണവും കോളണീകരണവും വടക്കൻ പാട്ടുകളിൽ' 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.

പരമേശ്വരൻനായർ. പി.കെ. 1958 മലയാള സാഹിത്യചരിത്രം, കേന്ദ്രസാഹിത്യഅക്കാദമി, ദൽഹി.

മുരളി കവിയൂർ 1997 ദലിത് ഭാഷ, കറന്റ് ബുക്ക്സ്, തൃശ്ശൂർ.

രവിവർമ്മ ആറ്റൂർ 1999 പുതുമൊഴിവഴികൾ, കറന്റ്ബുക്ക്സ്, തൃശ്ശൂർ.

രാജശേഖരൻ. പി.കെ. (എഡി) 2000, 100 വർഷം 100 കവിത, ഡി.സി. ബുക്സ്, കോട്ടയം.

രാജീവൻ. ടി.പി 2000, രാഷ്ട്രതന്ത്രം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

രാമകൃഷ്ണൻ ദേശമംഗലം 1986 കാവ്യഭാഷയിലെ പ്രശ്നങ്ങൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ലീലാവതി. എം 2002 മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

വിജയൻ. എം.എൻ (എഡി) 2001 കവിതയുടെ നൂറ്റാണ്ട്, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

വസന്തൻ. എസ്.കെ. (എഡി) 1986 പ്രാസവാദം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

സച്ചിദാനന്ദൻ. 1999 തെരഞ്ഞെടുത്ത കവിതകൾ, 1965 - 1998 കറന്റ് ബുക്ക്സ്, തൃശ്ശൂർ.

സുകുമാർ അഴീക്കോട്. 1981 മലയാളസാഹിത്യവിമർശനം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

മലയാളസാഹിത്യചരിത്രങ്ങൾ 1994 സമ്പാദകർ: പി.കെ പരമേശ്വരൻ നായർ സ്മാരകട്രസ്റ്റ്, തിരുവനന്തപുരം.

മലയാളസാഹിത്യചരിത്രം നൂറ്റാണ്ടുകളിലൂടെ 2000 സമ്പാദകർ. പി.കെ. പരമേശ്വരൻ നായർ സ്മാരകട്രസ്റ്റ് 2-ാം ഭാഗം, തിരുവനന്തപുരം.

## കുറിപ്പുകൾ

1. ലീലാവതിയുടെ സൗന്ദര്യസമീപനം വെളിപ്പെടുത്തുന്നതും അനുപാതം തികയ്ക്കുന്നതുമാണ് 'മലയാളകവിതാസാഹിത്യചരിത്ര'ത്തിലെ കാവ്യ ഉദ്ധരണികൾ. ഭാഷാഭ്രഷ്ഷണം കേന്ദ്രമാക്കി രൂപചർച്ച ഭാവത്തിന് എതിരായതെങ്ങനെയെന്ന് കൃതി സൂചിപ്പിക്കുന്നുണ്ട്. പ്രസ്തുത പ്രശ്നം സൂക്ഷ്മാർഥത്തിൽ കൃതിയിലും നിലനിൽക്കുന്നു. മറ്റൊന്നിന് വേണ്ടി വാദിക്കുമ്പോഴും 'മലയാളകവിതാസാഹിത്യചരിത്ര'ത്തിലെ ആഭ്യന്തരവൈരുധ്യങ്ങളായി ഇവയെ കണക്കാക്കാം.

2. രചനയിലും നിരൂപണത്തിലും ഇന്നും മുഖ്യധാരയിൽ വൈയക്തിക/ലാവണ്യ സമീപനങ്ങൾ. ഉദാ:- എഴുത്തച്ഛനുശേഷം കാവ്യരചനയ്ക്ക് ഒരോ കാലത്തിലും എഴുത്തച്ഛൻ കാവ്യവിഷയമായിട്ടുണ്ട്. വള്ളത്തോളിനും(എഴുത്തച്ഛൻ-സാഹിത്യ മഞ്ജരി നാലാം ഭാഗം) സച്ചിദാനന്ദനും (എഴുത്തച്ഛനെഴുതുമ്പോൾ) സച്ചിദാനന്ദൻ പുഴങ്കരയ്ക്കും (എഴുത്തച്ഛനെ ആന) ടി.പി. രാജീവനും (സുന്ദരകാണ്ഡം) എഴുത്തച്ഛൻ കാവ്യവിഷയമായി. പിതൃബിംബമായി എഴുത്തച്ഛനെ കണ്ട് എഴുത്തച്ഛൻ നിലനിന്ന ആശയപരിസരങ്ങളെ അതേമട്ടിൽ ഏറ്റെടുത്ത് പ്രത്യക്ഷപ്പെട്ടവയായിരുന്നു കവിതകൾ. നാരായവും കിളിയും തുഞ്ചൻപറമ്പും ഐതിഹ്യങ്ങളുമെല്ലാം കാവ്യബിംബങ്ങൾ ആയപ്പോൾ എഴുത്തച്ഛനോടൊപ്പം വന്ന അച്ചടി ഒരു കവിതയിലും കാവ്യബിംബമായില്ല. നിരൂപണത്തിൽ നിന്ന്



ഉദാഹരിക്കുകയാണെങ്കിൽ 'പുതുമൊഴിവഴികൾ' എന്ന പുതുകവിതയെ പ്രഖ്യാപിക്കുന്ന കൃതിയിലെ കെ.സി. നാരായണന്റെ പഠനം മതിയാകും. കവിതകളെ വിലയിരുത്തി കൃതിയിൽ ഉൾപ്പെട്ട കവയത്രികളുടെ എണ്ണത്തിൽ അദ്ദേഹം അഭിമാനിക്കുന്നു. ഇത് സ്ത്രീവാദസൗന്ദര്യശാസ്ത്രങ്ങൾക്ക് ലഭിച്ച ഇടമായി അദ്ദേഹം പരിഗണിക്കുന്നു. എന്നിരുന്നാലും സുഗതകുമാരിയെ പോലെ കനപ്പെട്ട കവിതയെഴുതാൻ ഇവർക്ക് പറ്റിയില്ലെന്നും കെ.സി. നാരായണൻ വാദിക്കുന്നു.

3. മലയാളകവിതയിലെ ആധുനികത എപ്രകാരമാണ് പൗരാണികതയിലും പാശ്ചാത്യഭാവുകത്വത്തിലും അടിസ്ഥാനമായി വർത്തിച്ചതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കക്കാടിലും അയ്യപ്പപ്പണിക്കരിലും ഇതിന്റെ വഴികൾ.

4. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെയുള്ള മലയാളസാഹിത്യചരിത്രം ഏറെക്കുറെ കവിതാചരിത്രമാണ്. നോവലിന്റെയും ചെറുകഥയുടെയും ഗദ്യനാടകത്തിന്റെയും മറ്റും കഥയെഴുതുമ്പോൾ ഒരു നൂറ്റാണ്ടിനപ്പുറത്തേക്ക് കടന്ന് ചികഞ്ഞുനോക്കേണ്ടതില്ല. 20-ാംനൂറ്റാണ്ടിൽ മറ്റ് സാഹിത്യശാഖകൾ വികസിച്ചുവന്നപ്പോൾ കവിത പിൻതള്ളപ്പെട്ടുവോ? ഒട്ടുമില്ലതാനും" (2002: ആമുഖത്തിൽ നിന്ന്). മലയാളസാഹിത്യചരിത്രത്തിലെ പുതിയഘട്ടവും പഴയഘട്ടവും ഒരുമിച്ചെടുത്താൽ മറ്റ് ഏത് സാഹിത്യശാഖയേക്കാളും സമ്പന്നമാണ് കവിത എന്ന വീക്ഷണം 'മലയാളകവിതാസാഹിത്യചരിത്ര'ത്തിൽ കാണാം.

5. പ്രാചീന-മധ്യകാലം ഉൾക്കൊള്ളുന്ന പതിനൊന്ന് അധ്യായങ്ങളിൽ ഒരിടത്ത് മാത്രം ടി.എം. ചുമ്മാർ പരാമർശിക്കപ്പെടുന്നു.

6. മലയാളത്തിൽ കേസരിയുടെ പ്രസ്ഥാനകൽപ്പനകൾ വിഭിന്നവും വിച്ഛേദവുമാകുന്നു. രൂപാധിഷ്ഠിതമായല്ല; ഭാവം അടിസ്ഥാനമാക്കുന്ന കേസരിയുടെ പ്രസ്ഥാനകൽപ്പനകൾ. പാശ്ചാത്യഭാവുകത്വം കേസരിയുടെ പ്രസ്ഥാനകൽപ്പനകളിൽ പ്രവർത്തിച്ചു.

7. "കുട്ടമത്ത് തറവാട് ഒരു കവികുലം തന്നെയാണ്. കുഞ്ഞുണ്ണിക്കുറുപ്പ്, കൃഷ്ണക്കുറുപ്പ്, കുഞ്ഞിശങ്കരക്കുറുപ്പ്, നാരായണക്കുറുപ്പ്, കരുണാകരക്കുറുപ്പ്, കുഞ്ഞുകൃഷ്ണക്കുറുപ്പ് മുതലായവരാണ് ആ കുടുംബത്തിലെ മറ്റ് അംഗങ്ങൾ" (2002: 150)

   ഹൈദരാലിയുടെ ആക്രമണകാലത്ത് തെക്കെമലബാറിലെ പരപ്പനാട്ടുനിന്ന് ഒഴുഞ്ഞുപോയ രാജകുടുംബശാഖയിൽപ്പെട്ടവരാണ് ചങ്ങനാശ്ശേരി കോയിത്തമ്പുരാക്കാർ. തിരുവിതാംകൂർ രാജ്ഞിയായിരുന്ന ഗൗരീലക്ഷ്മിഭായിയുടെ ഭർത്താവ് ആ വംശക്കാരനായിരുന്നു. അദ്ദേഹത്തിന് വേണ്ടി റാണി പണിയിച്ചതാണ് ലക്ഷ്മിപുരത്തു കൊട്ടാരം. അവിടെ പിറന്നു വളർന്ന കേരളവർമ തിരുവിതാംകൂർ രാജകുടുംബത്തിലേക്ക് മാവേലിക്കര കൊട്ടാരത്തിൽ നിന്ന് ദത്തെടുത്തിരുന്ന ജേഷ്ഠത്തിയായ റാണീ ലക്ഷ്മീഭായിയെ വിവാഹം കഴിച്ചു കോയിത്തമ്പുരാനായി" (2002: 152).